പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 210

# 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2008

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 210

# 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ

661/2008.

# 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ

കേരള സംസ്ഥാനത്ത് മെഡിക്കൽ ഉദ്യോഗസ്ഥർക്കിടയിൽ സീറ്റുകളുടെ ക്വാട്ടയ്ക്കും സർക്കാരിൻകീഴിലുള്ള അവരുടെ സേവനം പരിഗണിച്ച് സർവ്വീസ് ക്വാട്ടയിൻകീഴിൽ മെഡിക്കൽ കോളേജുകളിലുള്ള വിവിധ ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനത്തിനായുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്കും അതിനോട നുബന്ധിച്ചതോ ആനുഷംഗികമായതോ ആയ മറ്റുകാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് മെഡിക്കൽ ഉദ്യോഗസ്ഥർക്കിടയിൽ സീറ്റുകളുടെ ക്വാട്ടക്കും സർക്കാരിൻകീഴിലുള്ള അവരുടെ സേവനം പരിഗണിച്ച് സർവ്വീസ് ക്വാട്ടയിൻകീഴിൽ മെഡിക്കൽ കോളേജുകളിലുള്ള വിവിധ ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനത്തിനായുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിഒൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'ദുർഘടമായ ഗ്രാമപ്രദേശ സേവനം' എന്നാൽ 'ദുർഘടമായ ഗ്രാമപ്രദേശ'മായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഒരു ഗ്രാമപ്രദേശത്തിൽ ഒരു മെഡിക്കൽ ഉദ്യോഗസ്ഥൻ അനുഷ്ഠിച്ച സേവനം എന്നർത്ഥമാകുന്നു ;

(ബി) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(സി) 'വകുപ്പുതലവൻ' എന്നാൽ സംസ്ഥാന സർക്കാരിന്റെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോ, ഹെൽത്ത് സർവ്വീസസ് ഡയറക്ടറോ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്സിന്റെ ഡയറക്ടറോ, കേരള സംസ്ഥാനത്തിന്റെ മുനിസിപ്പൽ ഭരണ ഡയറക്ടറോ, അതതു സംഗതി പോലെ, ആരുടെ നിയന്ത്രണത്തിലാണോ ഒരു മെഡിക്കൽ ഓഫീസർ സേവനം അനുഷ്ഠിക്കുന്നത്, ആ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു ;

(ഡി) 'മെഡിക്കൽ ഉദ്യോഗസ്ഥൻ' എന്നാൽ ഒരു വകുപ്പ് തലവന്റെ നിയന്ത്രണത്തിൻകീഴിൽ സേവനം അനുഷ്ഠിക്കുന്ന എം.ബി.ബി.എസ്. യോഗ്യതയുള്ള ഒരു ഡോക്ടർ എന്നർത്ഥമാകുന്നതും, അതിൽ ഒരു ലക്ചറർ അല്ലെങ്കിൽ സർക്കാർ വിനിർദ്ദേശിക്കാവുന്ന ഒരു വ്യത്യസ്ത ഉദ്യോഗപ്പേരിലുള്ള മറ്റ് ഏതെങ്കിലും ഡോക്ടർ ഉൾപ്പെടുന്നതുമാകുന്നു ;

(ഇ) 'ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമം' എന്നാൽ പ്രോസ്പെക്ടസിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ എം.ബി.ബി.എസ്.-നുശേഷം മൂന്നുവർഷം കാലാവധിയുള്ള ഒരു ബിരുദ അദ്ധ്യയനക്രമമോ അല്ലെങ്കിൽ രണ്ടു വർഷം കാലാവധിയുള്ള ഒരു ഡിപ്ലോമ അദ്ധ്യയനക്രമമോ ആയ അദ്ധ്യയനക്രമത്തിലെ പഠനം എന്നർത്ഥമാകുന്നു ;

(എഫ്) 'ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമ തെരഞ്ഞെടുപ്പ് സമിതി' എന്നാൽ 4-ാം വകുപ്പുപ്രകാരം രൂപവൽക്കരിച്ച സമിതി എന്നർത്ഥമാകുന്നു ;

(ജി) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(എച്ച്) 'പ്രോസ്പെക്ടസ്' ബിരുദാനന്തരബിരുദ അദ്ധ്യയനക്രമത്തിലെ പ്രവേശനത്തിനുവേണ്ടി സർക്കാരിന്റെ നിർദ്ദേശപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എല്ലാവർഷവും പുറപ്പെടുവിക്കുന്ന പ്രോസ്പെക്ടസ് എന്നർത്ഥമാകുന്നു ;

(ഐ) 'ഗ്രാമപ്രദേശ സേവനം' എന്നാൽ സർക്കാർ ഗ്രാമപ്രദേശമായി പ്രഖ്യാപിച്ച ഒരു പ്രദേശത്ത് ഒരു മെഡിക്കൽ ഉദ്യോഗസ്ഥൻ അനുഷ്ഠിച്ച സേവനം എന്നർത്ഥമാകുന്നു ;

(ജെ) 'സേവനം' എന്നാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് സർക്കാരിന്റെ കീഴിൽ മെഡിക്കൽ ഉദ്യോഗസ്ഥൻ അനുഷ്ഠിച്ച സേവനം എന്നർത്ഥമാകുന്നു ;

(കെ) 'സർവ്വീസ് ക്വാട്ട' എന്നാൽ സംസ്ഥാന സർവ്വീസിലുള്ള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ഒരു ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലെ പഠനത്തിനായുള്ള പ്രവേശനത്തിനുവേണ്ടി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളോടും ഉപാധികളോടുംകൂടി കാലാകാലങ്ങളിൽ അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം എന്നർത്ഥമാകുന്നു ;

(എൽ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. സർവ്വീസ് ക്വാട്ട പ്രകാരം ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനത്തിനായി മെഡിക്കൽ ഉദ്യോഗസ്ഥരുടെ തെരഞ്ഞെടുപ്പ്.—1956-ലെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റിലോ (1956-ലെ 102-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലോ അല്ലെങ്കിൽ റെഗുലേഷനിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ അല്ലെങ്കിൽ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ മെഡിക്കൽ ഉദ്യോഗസ്ഥരുടെ ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലെ പഠനത്തിനായി സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം മാത്രം നടത്തേണ്ടതാണ്.

4. ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേക്കുള്ള മെഡിക്കൽ തെരഞ്ഞെടുപ്പ് സമിതിയുടെ രൂപവൽക്കരണം.—(1) സർക്കാർ, സർവ്വീസ് ക്വാട്ടയിലുള്ള മെഡിക്കൽ ഉദ്യോഗസ്ഥരുടെ തെരഞ്ഞെടുപ്പ് ആവശ്യത്തിലേക്കായി ഒരു മെഡിക്കൽ ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമ തെരഞ്ഞെടുപ്പ് സമിതി താഴെപ്പറയുന്ന എക്സ്-ഒഫിഷ്യോ അംഗങ്ങളെ ചേർത്ത് രൂപവൽക്കരിക്കേണ്ടതാണ്, അതായത് :—

(എ) ഗവൺമെന്റ് സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്, കേരള സർക്കാർ ;

(ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ;

(സി) ഹെൽത്ത് സർവ്വീസസ് ഡയറക്ടർ ;

(ഡി) മെഡിക്കൽ ഇൻഷ്വറൻസ് സർവ്വീസ് ഡയറക്ടർ ;

(ഇ) മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (എം) ;

(എഫ്) മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (ജി).

(2) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ ഗവൺമെന്റ് സെക്രട്ടറി സമിതിയുടെ ചെയർമാനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കൺവീനറും ആയിരിക്കേണ്ടതാണ്.

(3) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സമിതി അവയുടെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

5. തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം.—(1) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ മെഡിക്കൽ അദ്ധ്യയനക്രമത്തിലെ

പ്രവേശനത്തിനായി സർക്കാരിന്റെ കീഴിലുള്ള മെഡിക്കൽ ഉദ്യോഗസ്ഥരുടെ സേവനം പരിഗണിച്ച് സർവ്വീസ് ക്വാട്ടയിൻ കീഴിൽ അവരെ തെരഞ്ഞെടുക്കുന്നതിന് ഒരു അദ്ധ്യയന വർഷത്തിൽ സംസ്ഥാന ക്വാട്ടയിൽ ലഭ്യമായിട്ടുള്ള ആകെ സീറ്റുകളുടെ നാൽപ്പതു ശതമാനത്തിൽ അധികരിക്കാത്ത സീറ്റുകൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സർക്കാരിന് മാറ്റിവയ്ക്കാവുന്നതാണ്.

(2) ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനത്തിനുള്ള അക്കാഡമിക് യോഗ്യത കുറഞ്ഞത് അൻപത് ശതമാനം മാർക്കുള്ള എം.ബി.ബി.എസ്. ബിരുദവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് യോഗ്യതകളും ആയിരിക്കേണ്ടതാണ്.

(3) പ്രവേശനം ആരംഭിക്കുന്നതിനുമുൻപ് പ്രോസ്പെക്ടസിൽ പ്രവേശനത്തിനുള്ള യോഗ്യത, അദ്ധ്യയനക്രമത്തിന്റെ കാലയളവ്, അലോട്ട്മെന്റ്, നൽകേണ്ടതായ ഫീസ്, സീറ്റുകളുടെ സംവരണം എന്നിവയുടെ വിശദവിവരങ്ങളും അങ്ങനെയുള്ള മറ്റ് വിശദാംശങ്ങളും എല്ലാ വർഷവും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(4) ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമ തെരഞ്ഞെടുപ്പ് സമിതി, മെഡിക്കൽ ഉദ്യോഗസ്ഥരുടെ സേവനത്തിലെ സീനിയോറിറ്റി കർശനമായി അടിസ്ഥാനപ്പെടുത്തിയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് മാനദണ്ഡങ്ങളും പാലിച്ചും തെരഞ്ഞെടുപ്പ് ലിസ്റ്റ് അന്തിമമാക്കേണ്ടതാണ്.

(5) അപേക്ഷകരുടെ അറിവിലേക്കായി ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമ തെരഞ്ഞെടുപ്പ് സമിതി (4)-ാം ഉപവകുപ്പ് പ്രകാരം അന്തിമമാക്കിയ തെരഞ്ഞെടുപ്പ് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

6. ഗ്രാമീണ സേവനത്തിനുള്ള വെയിറ്റേജ്.—സംസ്ഥാനത്ത് 'ഗ്രാമപ്രദേശ സേവനമോ' അല്ലെങ്കിൽ 'ദുർഘടമായ ഗ്രാമപ്രദേശസേവനമോ', അതതു സംഗതിപോലെ, ഉള്ള ഓരോ മെഡിക്കൽ ഓഫീസർക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, തെരഞ്ഞെടുപ്പിൽ വെയിറ്റേജ് നൽകേണ്ടതാണ്.

7. ഉത്തമവിശ്വാസത്തോടുകൂടി ചെയ്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തോടുകൂടി ചെയ്തതോ വിട്ടുകളഞ്ഞതോ അല്ലെങ്കിൽ ചെയ്യാൻ ഉദ്ദേശിച്ചതോ വിട്ടുപോയതോ ആയ ഏതെങ്കിലും പ്രവർത്തിയോ സംബന്ധിച്ച് സർക്കാരിനോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ, ശിക്ഷാനടപടിയോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

8. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, വൈഷമ്യം നീക്കം ചെയ്യുന്നതിനായി ഈ ആക്റ്റിനോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്തതും ആവശ്യമെന്ന് അതിന് തോന്നുന്ന ഏത് നടപടിയും സന്ദർഭാനുസരണം ഉത്തരവുമൂലം എടുക്കാവുന്നതാണ്.

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ ഉപവകുപ്പുപ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്റ്റിലെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ, ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അപ്രകാരം രൂപഭേദപ്പെടുത്തലുകൾ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു ; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും കാര്യത്തിന്റെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ബിരുദാനന്തര ബിരുദ മെഡിക്കൽ പ്രവേശനത്തിന് നാളിതുവരെ അനുവർത്തിച്ചിരുന്ന പതിവനുസരിച്ച് സംസ്ഥാനത്ത് ലഭ്യമായ സീറ്റുകളിൽ നാൽപ്പത് ശതമാനം സംസ്ഥാനത്തെ ആരോഗ്യവകുപ്പിലെ ഡോക്ടർമാർ, മെഡിക്കൽ കോളേജിലെ ലക്ചറർമാർ, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസിനുള്ള ഡോക്ടർമാർ എന്നിവർ അടങ്ങിയ സർവ്വീസിലുള്ള പഠനാർത്ഥികൾക്കുവേണ്ടി നീക്കിവയ്ക്കുകയായിരുന്നു. ഓരോ വിഭാഗത്തിലും സർവ്വീസിലുള്ള സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തിയാണ് ഈ സീറ്റുകളിലേക്കുള്ള പ്രവേശനം നടത്തിയിരുന്നത്.

2. 2000-ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ബിരുദാനന്തര ബിരുദ മെഡിക്കൽ വിദ്യാഭ്യാസ റെഗുലേഷനുകളിലെ 9-ാം റെഗുലേഷൻ പ്രകാരം ബിരുദാനന്തര ബിരുദ മെഡിക്കൽ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനം തേടുന്ന എല്ലാ പഠനാർത്ഥികളും നിർബന്ധമായും പൊതു പ്രവേശന പരീക്ഷ എഴുതേണ്ടതാണ്. ബിരുദാനന്തര ബിരുദ മെഡിക്കൽ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനത്തിന് യോഗ്യരാകുന്നതിന് പൊതുപ്രവേശനപരീക്ഷയിൽ പൊതുവിഭാഗത്തിലെ പഠനാർത്ഥികൾ അൻപതു ശതമാനം മാർക്ക് നേടേണ്ടതും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പഠനാർത്ഥികൾ നാൽപ്പത് ശതമാനം മാർക്ക് നേടേണ്ടതുമാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മുകളിൽപ്പറഞ്ഞ നിലപാട് ശരിവച്ചിട്ടുള്ളതാണ്.

3. അതനുസരിച്ച് 2004-ാം വർഷം മുതൽ പൊതുപ്രവേശന പരീക്ഷ സർവ്വീസ് പഠനാർത്ഥികൾക്കും ബാധകമാക്കി. അതിനാൽ അവർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനം നേടുന്നതിനായി പ്രവേശന പരീക്ഷയിൽ കുറഞ്ഞത് അൻപതുശതമാനം മാർക്ക് നേടി യോഗ്യരാകേണ്ടതുണ്ട്.

4. പൊതുജനാരോഗ്യ സംരക്ഷണത്തിനായി വിദൂര ഗ്രാമപ്രദേശങ്ങളിൽപ്പോലും സർവ്വീസിൽ നിന്നുള്ള പഠനാർത്ഥികൾ രാപകലന്യേ ജോലി ചെയ്യുന്നതുമൂലം അവരുടെ അറിവ് നവീകരിക്കുന്നതിനുള്ള സമയം ഒട്ടുംതന്നെ ലഭിക്കുന്നില്ലെന്നും, അതിനാൽ അവർക്ക് പൊതു മെരിറ്റിൽ വരുന്ന പഠനാർത്ഥികളോട് മത്സരിച്ച് പൊതു പ്രവേശന പരീക്ഷയിൽ അമ്പത് ശതമാനം മാർക്ക് കരസ്ഥമാക്കി ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമ പ്രവേശനത്തിന് യോഗ്യത നേടുവാൻ കഴിയാതെ വരികയും ചെയ്യുന്നത് ചൂണ്ടിക്കാട്ടി പല സ്ഥലങ്ങളിൽ നിന്നും അപേക്ഷകൾ സർക്കാരിന് കിട്ടിയിട്ടുണ്ട്. ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലെ പ്രവേശനത്തിന് സർവ്വീസിലുള്ള പഠനാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ മറികടക്കുന്നതിന്, സർവ്വീസ് ക്വാട്ടയിലുള്ള മെഡിക്കൽ ഉദ്യോഗസ്ഥരുടെ തെരഞ്ഞെടുപ്പിൽ, സർക്കാരിന് കീഴിലുള്ള അവരുടെ സേവനം പരിഗണിച്ച് സംസ്ഥാന ക്വാട്ടയിൽ ലഭ്യമായ മൊത്തം സീറ്റുകളുടെ നാൽപ്പതുശതമാനം അവർക്ക് നീക്കിവെച്ചുകൊണ്ട് ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചു.

5. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം ഈ ഖണ്ഡപ്രകാരം രൂപവൽക്കരിച്ച സമിതി അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നത് ഏത് രീതിയിൽ അയിരിക്കണമെന്ന് നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം മെഡിക്കൽ ഉദ്യോഗസ്ഥർക്ക് സർക്കാരിൻകീഴിലുള്ള അവരുടെ സർവ്വീസ് പരിഗണിച്ച് സർവ്വീസ് ക്വാട്ടയിൻകീഴിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ മെഡിക്കൽ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനത്തിന് തെരഞ്ഞെടുക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡം മെഡിക്കൽ ഉദ്യോഗസ്ഥരുടെ ബിരുദാനന്തരബിരുദ അദ്ധ്യയനക്രമങ്ങളിലേക്ക് പ്രവേശനത്തിനുള്ള തെരഞ്ഞെടുപ്പിൽ അക്കാദമിക് യോഗ്യത ഒഴികെയുള്ള യോഗ്യതകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡം തെരഞ്ഞെടുപ്പിന്

അവലംബിക്കേണ്ട മറ്റ് മാനദണ്ഡങ്ങൾ സംബന്ധിച്ച് ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിനുകൂടി ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 6-ാം ഖണ്ഡം തെരഞ്ഞെടുപ്പിൽ ഗ്രാമീണ സേവനത്തിന് വെയിറ്റേജ് നൽകുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 8-ാം ഖണ്ഡം, ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നത് നീക്കം ചെയ്യുന്നതിനായി ആക്റ്റിന് വിരുദ്ധമല്ലാതെ ഏത് നടപടിയും ഉത്തരവുമൂലം എടുക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 9-ാം ഖണ്ഡം ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

6. ഏത് കാര്യങ്ങളെ സംബന്ധിച്ചാണ് ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങളോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ അപ്രകാരം ചട്ടങ്ങളും 8-ാം ഖണ്ഡപ്രകാരമുള്ള ഉത്തരവുകളും അവ ഉണ്ടാക്കിയതിനോ പുറപ്പെടുവിച്ചതിനോശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. കെ. ശ്രീമതി ടീച്ചർ

(ശരിത്തർജ്ജമ)